**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 340 28.10.2019- ൽ മറുപടിയ്ക്ക്

## വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഏത് വർഷം വരെയുള്ളതാണ് അനുവദിച്ചതെന്നറിയിക്കാമോ; | (എ), (ബി) & (സി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ അപേക്ഷകൾ സ്വീകരിക്കുന്നതും അതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും തുക അനുവദിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയുമാണ്. ടി വിവാഹ ധനസഹായം പഞ്ചായത്ത് പ്രദേശങ്ങളിലും കോർപ്പറേഷൻ പ്രദേശങ്ങളിലും കുടിശ്ശികയില്ലാതെ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. യോഗ്യരായ 2044 അപേക്ഷകർക്ക് മുൻസിപ്പൽ പ്രദേശങ്ങളിൽ തുക അനുവദിക്കാനുണ്ട്. 31/05/2019 വരെയാണ് മുനിസിപ്പൽ പ്രദേശങ്ങളിൽ വിവാഹ ധനസഹായത്തിനു തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അധിക ധനാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് കുടിശ്ശികതുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | യോഗ്യരായ എത്ര അപേക്ഷകർക്കാണ് നിലവിൽ തുക അനുവദിക്കാനുള്ളത്; | | |
| (സി) | 2019 മാർച്ച് മാസം വരെയുള്ള അർഹരായ അപേക്ഷകർക്ക് തുക അനുവദിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**